**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2784** — **13-02-2024 - ൽ മറുപടിയ്ക്ക്**

**സൗരപദ്ധതിയിലെ സബ്സിഡി നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. വഴി രജിസ്റ്റർ ചെയ്യുന്ന സൗര പദ്ധതിയിൽ സബ്സിഡി കുറവും എന്നാൽ എം.എൻ.ആർ.ഇ. വഴി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി കൂടുതലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വൈദ്യുതി ബോർഡ് വഴി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് 1 മുതൽ 3 കിലോവാട്ട് വരെ കിലോവാട്ടിന് 14,588/- രൂപയും 3 കിലോവാട്ടിന് മേൽ 10 കിലോവാട്ട് വരെ കിലോവാട്ടിന് 7294/- രൂപയും സബ്സിഡി ആയി നൽകുന്നുണ്ട്. എന്നാൽ 05.01.24 - ലെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ MNRE വഴി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്കും പുതിയ ടെൻഡറുകൾക്കും 1 മുതൽ 3 കിലോവാട്ട് വരെ കിലോവാട്ടിന് 18000/- രൂപയും 3 മുതൽ 10 കിലോവാട്ട് വരെ കിലോവാട്ടിന് 9000/- രൂപയും സബ്സിഡിയായി നല്കാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സംസ്ഥാനത്ത് വീടുകളിൽ സോളാർ സ്ഥാപിക്കുന്നതിന് രണ്ട് തരം സബ്സിഡി നിരക്കുള്ളത് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തു ഗാർഹിക ഉപഭോക്താക്കളുടെ സബ്സിഡി നിരക്ക് ഏകീകരിക്കാനായി MNRE യോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ